**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1130** **03.12.2015 ൽ മറുപടിയ്ക്ക്**

## ഹയർ സെക്കൻഡറി തുല്യതാ കോഴ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.എ.വാഹിദ്. | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ? | (ബി) | പത്താം തരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടു പോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, തൊഴിൽ/സംരംഭകത്വ ശേഷി പഠിതാക്കളിൽ വളർത്തുക, പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവയാണ് ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും ഇതിനായി സമ്പർക്ക പഠനക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി യുടെ സഹകരണത്തോടെ ഹയർ സെക്കൻഡറി പഠന സാമഗ്രികൾ തയ്യാറാക്കി കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി 10 വിഷയങ്ങളിലായി 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18,368 പഠിതാക്കൾ ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു. പൊതു പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്.
യോഗ്യരും, പരിചയസമ്പന്നരുമായ ഹയർ സെക്കൻഡറി അദ്ധ്യാപകരെ തെരഞ്ഞെടുത്ത് ക്ലാസ്സുകൾ ജില്ലാ തലത്തിൽ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ